**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3781

12.12.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എം. സ്വരാജ്**
**ശ്രീ. സി. കെ. ശശീന്ദ്രൻ**
**ശ്രീ. സി. കൃഷ്ണൻ**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമായ മാറ്റങ്ങൾ ആവിഷ്ക്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമായ മാറ്റങ്ങൾ ആവിഷ്ക്കരിക്കുന്നതിനും ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>കാലാനുസൃതമായി സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ വേഗത്തിൽ അനുഭവവേദ്യമാക്കുക, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിവരികയാണ്.<br>എല്ലാ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ കർത്തവ്യബോധമുള്ളവരും പൊതുജന ക്ഷേമ തൽപ്പരരുമാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | സംസ്ഥാന പരിശീലനനയം പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. എല്ലാ വകുപ്പുകളിലേയും ജീവനക്കാർക്കായി വിവിധ പരിശീലന പരിപാടികൾ ഐ.എം.ജി മുഖേന നടത്തി വരുന്നുണ്ട്.<br>സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ State Training Policy യുടെ ഭാഗമായി വർഷാവർഷം രൂപപ്പെടുത്തിയ Training Calendar പ്രകാരം വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലുള്ള ജീവനക്കാർക്ക് ഐ.എം.ജി.യിൽ പരിശീലനം നൽകി വരുന്നു. കൂടാതെ സംസ്ഥാന പരിശീലന പരിപാടികൾക്ക് ഉപരിയായി വകുപ്പുകളുടെ തനത് വിഭവം ഉപയോഗിച്ച് സർവ്വീസ് ആവശ്യങ്ങൾക്ക് അനുയോജ്യമായ പരിശീലന പരിപാടികളും ഐ.എം.ജി. സംഘടിപ്പിക്കുന്നുണ്ട്. ഇതിന് പുറമെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പരിശീലകർക്കുള്ള പരിശീലന പരിപാടികളും ഐ.എം.ജി. നടത്തിവരുന്നു.<br>പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന സംവിധാനം നടപ്പിലാക്കിയിട്ടുള്ളതാണ്. അതിൻപ്രകാരം എല്ലാ വകുപ്പുകളും പൊതുജനങ്ങൾക്ക് സേവനങ്ങൾ പൂർണമായി ഓൺലൈനിൽ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകൾ നൽകുന്ന സേവനം 'ഇ സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെയും ' എം സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എല്ലാ സർക്കാർ ഓഫീസുകളും പൊതുജന സൗഹൃദമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | | സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന പൊതുജനങ്ങൾക്ക് മാന്യമായ പരിഗണനയും പെരുമാറ്റവും ഉറപ്പുവരുത്തുന്നതിനും ശാരീരികാവശതയുള്ള മുതിർന്ന പൗരൻമാർക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ അതതു വകുപ്പുമേധാവികൾ/ ഓഫീസ് തലവൻമാർ കൈക്കൊള്ളേണ്ടതും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കേണ്ടതുമാണെന്ന് നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | വിവര സാങ്കേതികവിദ്യയുടെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഏകജാലക സംവിധാനമായ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ കൂടുതൽ തൃപ്തികരമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ നവീകരണത്തിനായി 30.09.2017 ലെ സ.ഉ(സാധാ) നം.230/2017/വി.സ.വ പ്രകാരം 2.18 കോടി രൂപ അനുവദിക്കുകയും ടി.തുക ജില്ലാ ഇ-ഗവേണിംഗ് സൊസൈറ്റികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സംവിധാനം കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പൊതുജനങ്ങൾക്ക് ഓൺലൈൻ സംവിധാനങ്ങൾ നൽകിവരുന്ന അക്ഷയകേന്ദ്രങ്ങൾ സാർവ്വത്രികമായുള്ള സാഹചര്യത്തിൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ